നിറ്റിലെ എസ്സി/എസ്റ്റി വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യം

144 (1107) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ബാച്ചിലർ ഓഫ് ടെക്നോളജി കോഴ്സുകൾക്ക് പഠിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം ബി. ടെക് കോഴ്സുകൾക്കു പഠിച്ചിരുന്ന കേരളീയരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഓരോ സെമസ്റ്റർ പരീക്ഷകളിലും തോറ്റുപോയിട്ടുണ്ടെന്നും അവരിൽ എത്രപേർ പഠനം ഉപേക്ഷിച്ചുപോയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) മറ്റ് പ്രൊഫഷണൽ വിദ്യാലയങ്ങളിൽ എം.ബി.ബി.എസ്., ബി.ഡി.എസ്. എന്നീ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് പഠിച്ചുവരുന്ന പട്ടികവിഭാഗവിദ്യാർത്ഥികൾക്ക് അവർ തോൽക്കുന്ന വിഷയങ്ങൾ വീണ്ടും ക്ലാസ്സുകൾ അറ്റന്റ് ചെയ്തുകൊണ്ട് മൂന്ന് തവണവരെ പരീക്ഷ എഴുതുന്നതിനുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ :

(ഡി) കോഴിക്കോട് എൻ.ഐ.ടി.-യിൽ ബി. ടെക് കോഴ്സുകളിൽ പഠിച്ചുവരുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ഒരു പരീക്ഷയിൽ മൂന്ന് തവണവരെ തോറ്റ് പഠിക്കുന്ന കാലയളവിലേക്ക് ക്ലാസ്സിൽ അറ്റന്റ്ചെയ്തു കൊണ്ട് പരീക്ഷ എഴുതുന്നതിനുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുമോ ?

ഉത്തരം

(എ) കോഴിക്കോട് എൻഐറ്റി-യിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, താമസ-ഭക്ഷണ ചെലവ്, ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ്മണി എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ബി) എൻ.ഐ.റ്റി. പിൻതുടരുന്നത് ഐഐടി മാതൃകയിലുള്ള ക്രെഡിറ്റ് സമ്പ്രദായമാണ്. അതുപ്രകാരം സെമസ്റ്റർ കാലയളവിൽ തോറ്റാൽ പഠനം നിർത്തേണ്ടിവരുന്നില്ല. തോറ്റപരീക്ഷകൾ 6 വർഷത്തിനകം ജയിച്ചിരുന്നാൽ മതി. കഴിഞ്ഞ 6 വർഷകാലയളവിൽ വ്യക്തിപരമായ കാരണങ്ങളാൽ പഠനം ഉപേക്ഷിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം	പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം
2005	2	...
2006	...	1
2007	3	1
2008	...	...
2009	...	...
2010	...	...

(സി) നൽകി വരുന്നുണ്ട്.

(ഡി) എൻ.ഐ.റ്റി. അവലംബിച്ചിരിക്കുന്നത് ക്രെഡിറ്റ് സമ്പ്രദായമായതിനാൽ കോഴ്സ് പൂർത്തീകരിക്കേണ്ട കാലയളവ് 4 വർഷവും പരമാവധി 6 വർഷവുമാണ്. സെമസ്റ്റർ സമ്പ്രദായത്തിൽ സെമസ്റ്റർ കാലയളവിൽ പരാജയം ക്ലാസ് കയറ്റത്തിനും തുടർപഠനത്തിനും മാനദണ്ഡമാകുന്നില്ല. സെമസ്റ്ററിൽ തോറ്റവർക്ക് 6 വർഷകാലയളവിനുള്ളിൽ വീണ്ടും പരീക്ഷ എഴുതി പാസ്സായാൽ മതി. തോറ്റ സെമസ്റ്ററിന് ക്ലാസ്സിൽ അറ്റന്റ് ചെയ്യിക്കുന്ന സമ്പ്രദായം എൻ.ഐ.റ്റി.-യിൽ ഇല്ല. പരീക്ഷ എഴുതുന്നതിനുള്ള ഫീസാനുകൂല്യം മൂന്ന് തവണവരെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകുന്നുണ്ട്.

കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ നടത്തിയ എസ്സി./എസ്ടി. ക്ഷേമ പദ്ധതികൾ

145 (1108) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ സമുദായക്ഷേമത്തിനായി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നടത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ :

(ബി) അടുത്ത സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly